# ഇ – ഗവേണൻസ് – ഗ്രാമപഞ്ചായത്തുകൾ ഓൺലൈൻ സംവിധാനത്തിലേക്ക്

ആധുനിക വിവരസാങ്കേതിക വിദ്യയുടെ നൂതന സാധ്യതകൾ ഉൾപ്പെടുത്തി പ്രാദേശിക ഭരണസംവിധാനങ്ങളെ ആധുനികവൽകരിച്ച് സേവന വികസന പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വകുപ്പിൽ തുടക്കമിടുന്നു. അതോടൊപ്പം പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ഓഫീസും പഞ്ചായത്ത് ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ വീഡിയോ കോൺഫെറൻസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചു. വിവിധ പരിശീലനങ്ങൾക്കുള്ള വെർച്ച്യുൽ ക്ലാസ്റൂം സംവിധാനം ഉടൻ പൂർത്തിയാകും .തദ്ദേശ ഭരണ സംവിധാനത്തിൽ വളരെ വിപുലമായ ഇ-ഗവേണൻസ് പരിപാടിയാണ് ഇൻഫർമേഷൻ കേരള മിഷൻ വഴി പഞ്ചായത്ത് വകുപ്പിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

പഞ്ചായത്ത് വകുപ്പിന് പ്രത്യേകമായി ഒരു വെബ്സൈറ്റ് തുടങ്ങുന്നതിനുള്ള പദ്ധതി എന്ന ആശയം സഫലമാകുന്നു. വകുപ്പ് സംബന്ധിച്ചും,ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ചുമുള്ള സമ്പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് വെബ്സൈറ്റ് ആരംഭിക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, ചട്ടങ്ങളും നിയമങ്ങളും, സർക്കാർ ഉത്തരവുകളും സർക്കുലറുകളും, വകുപ്പ് ഘടന,ജീവനക്കാര്യം, തൊഴിലുറപ്പ് പദ്ധതി, കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, അപേക്ഷാഫോമുകൾ, പൗരാവകാശരേഖകൾ, വിവിധ പദ്ധതികൾ, പരിശീലനം,ഇ-ഗവേണൻസ്, തുടങ്ങി വകുപ്പിന്റെ എല്ലാ വിഷയങ്ങളും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്..

ഗ്രാമപഞ്ചായത്തുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ സേവന പെൻഷൻ, സേവന സിവിൽ രജിസ്ട്രേഷൻ, സൂചിക, സാംഖ്യ, സകർമ്മ, സഞ്ചയ, സങ്കേതം, സമഗ്ര, സുലേഖ എന്നീ സോഫ്റ്റ് വെയറുകൾ തയ്യാറാക്കി വിന്യസിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ചില സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം പൂർണ്ണമല്ല. ടി സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപകാരപ്രദമായ രീതിയിൽ അപാകതകൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സോഫ്റ്റ് വെയറുകൾക്കും ഡൊമെയിൻ സപ്പോർട്ട് ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സപ്പോർട്ട് ടീമുകളും ഐ.കെ.എം പ്രോജക്ട് മാനേജർമാരും ചേർന്ന് ദ്വിദിന ശില്പശാലയും നടത്തി. 2016 നവംബർ 1ന് പ്രധാന സോഫറ്റ് വെയറുകൾ എല്ലാം സമന്വയിപ്പിച്ച് ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുകയും ഇ-ഗവേണൻസ് സുതാര്യവും ഉപഭോക്തൃ സൗഹൃദവുമാക്കുകയുമാണ് ലക്ഷ്യം.

ഗ്രാമപഞ്ചായത്തുകളെ പൂർണ്ണമായും ജനസേവനകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടറേറ്റും, 14 ജില്ലാ ഓഫീസുകളും ഐ.എസ്.ഒ നിലവാരത്തിലെത്തിക്കുന്നതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി ആറുകോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് അധികാരികൾക്ക് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ പഞ്ചായത്ത് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും അത് വഴി മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നതിനും കഴിയും.

**ശ്രീ.വി. രതീശൻ ഐ.എ.എസ്**
ഡയറക്ടർ